(ബി) നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്.

പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

44 (4653) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈറ്റ് റ്റു എഡ്യൂക്കേഷൻ ആക്ട് പ്രകാരം പ്രൈമറി സ്കൂളുകളിലേയും ഹൈസ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) കേരളത്തിലെ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് അറിയിക്കുമോ;

(സി) സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ അതേ റേഷ്യോയിൽ തന്നെ സർക്കാർ സ്കൂളുകളിലെയും റേഷ്യോ പുനഃക്രമീകരിച്ച് തസ്തികകൾ നിലനിർത്തുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ഇ) റൈറ്റ് റ്റു എഡ്യൂക്കേഷൻ ആക്ട് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; പ്രസ്തുത ആക്ട് നടപ്പിലാക്കിയിട്ടുള്ള ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂൾ പ്രകാരം 1 മുതൽ 5 വരെ ക്ലാസ് തലത്തിൽ 1:30-ഉം 6 മുതൽ 8 വരെ ക്ലാസ് തലത്തിൽ 1:35 അനുപാതവും ആയിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഡിവിഷൻ തലത്തിൽ 1:45 ആണ് ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം.

(ഡി) രണ്ടുമേഖലയിലും ഒരേ അനുപാതമായതിനാൽ ബാധകമല്ല.

(ഇ) കേരളമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കി വരുന്നുണ്ട്.

അധ്യാപക ബാങ്ക്

45 (4654) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകരാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യാപകരെ പുനർ നിയമിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജില്ലാ തലത്തിൽ അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർവിന്യാസം നടത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. ബാങ്ക് രൂപീകരിച്ച ശേഷമേ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

സ്കൂൾ കലോൽസവ മാന്വൽ

46 (4655) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഇല്ല. സ്കൂൾ കലോത്സവ മാന്വലിലെ സംഘാടക സമിതി പരിഷ്കരിച്ച് കലോത്സവം നടക്കുന്ന സ്ഥലത്തെ എം.എൽ.എ.-യെ സംഘാടക സമിതി ചെയർമാനാക്കി ഉത്തരവായിട്ടുണ്ട്. നിലവിലെ മാന്വൽ പ്രകാരം സംഘാടക സമിതി ചെയർമാൻ കലോത്സവം നടക്കുന്ന സ്ഥലത്തെ മേയർ/മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly